"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - പുനലൂർ നഗരസഭാ സെക്രട്ടറി ശ്രീമതി. ജി. രേണുകാദേവി - മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് - പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.841/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 08/05/2020

---

പരാമർശം:-
1. പുനലൂർ നഗരസഭാ സെക്രട്ടറി ശ്രീമതി.ജി.രേണുകാദേവി സമർപ്പിച്ച 05.04.2019 തീയതിയിലെ അപേക്ഷ.
2. നഗരകാര്യ ഡയറക്ടറുടെ 23.12.2019 തീയതിയിലെ എഫ് 3 - 8278/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പുനലൂർ നഗരസഭാ സെക്രട്ടറി ശ്രീമതി. ജി. രേണുകാദേവിയ്ക്ക് കൊച്ചി ലേയ്ക്ക് ഷോർ ആശുപത്രിയിൽ ക്യാൻസർ രോഗത്തിന് നടത്തിയ ചികിത്സയുടെ ബില്ലുകളും എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റും അപേക്ഷയും ജില്ലാ മെഡിക്കൽ ആഫീസർ പരിശോധിച്ച് അനുവദനീയമായ തുക രേഖപ്പെടുത്തി കൗണ്ടർ സൈൻ ചെയ്തതും അപ്പന്റിക്സ് -II ഉം മെഡിക്കൽ റീ - ഇംപേഴ്സ്മെന്റ് ചെയ്യുന്നതിന് അനുമതി നല്കുന്നതിനായി നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിരിക്കുന്നു.

2. ജില്ലാ മെഡിക്കൽ ഓഫീസറുടെ പരിശോധനയിൽ അനുവദനീയമായ തുക Rs.25,906(ഇരുപത്തി അയ്യായിരത്തി തൊള്ളായിരത്തി ആറ് രൂപ) ആണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന ഒന്ന് പ്രകാരം സമർപ്പിച്ച ക്ലെയിമിൽ ഉൾപ്പെട്ടിട്ടുള്ള ബില്ലുകൾ ടിയാരിയ്ക്ക് മുൻപ് അനുവദിച്ച ഒരു ക്ലെയിമിലും ഉൾപ്പെട്ടിട്ടില്ല എന്ന് നഗരകാര്യവകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതും, എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റിനോടൊപ്പം സമർപ്പിച്ചിട്ടുള്ള ക്യാഷ് ബില്ലുകളിലെ കാലയളവ് കൃത്യമായി

എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയതിനു ശേഷം മാത്രമേ ഭാവിയിൽ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിം സമർപ്പിക്കാവൂ എന്നുള്ള നിർദ്ദേശം അപേക്ഷകയെ അറിയിക്കേണ്ടതാണ് എന്നുമുള്ള വ്യവസ്ഥയിൽ, നഗരകാര്യവകുപ്പിൽ ,പുനലൂർ നഗരസഭാ സെക്രട്ടറിയായ ശ്രീമതി.ജി.രേണുകാ ദേവിയ്ക്ക് കൊച്ചി ലേക് ഷോർ ഹോസ്പിറ്റലിൽ കാൻസർ സംബന്ധമായ ചികിൽസയ്ക്ക് ചെലവായ തുകയിൽ, ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ 20,725/- രൂപ (ഇരുപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം), പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

**പകർപ്പ്**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ബില്ലുകളും എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റും അപേക്ഷയും സഹിതം).

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ശ്രീമതി.ജി.രേണുകാ ദേവി (നഗരകാര്യ ഡയറക്ടർ മുഖേന)

ധനകാര്യ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ